
സംവാദം
Viswa Samvada Kendram Bulletin | March


# മുഖവാദം

**അ**ടിത്തറയും മേൽക്കൂരയും തമ്മിലുള്ള ബന്ധത്തിൽ പ്രധാനപ്പെട്ട ഒരുകാര്യം പണിയുമ്പോൾ അടിത്തറയാണ് പണിയേണ്ടത്. തകർക്കുമ്പോൾ മേൽക്കൂരയാണ് തകർത്തുതുടങ്ങേണ്ടത് എന്നതാണ്. നിങ്ങൾ അടിത്തറ തകർത്തിട്ട് മേൽക്കൂര തകർക്കാൻ ശ്രമിച്ചാൽ മേൽക്കൂര നിങ്ങളുടെ തലയിൽ പൊളിഞ്ഞുവീഴും. നവോത്ഥാനമെന്ന് കുത്തിയിരുന്ന് പണിതെടുക്കാവുന്ന ഒരു ഉരുപ്പടിയല്ല, മറിച്ച് നിങ്ങളുടെ മേൽക്കൂരയിൽ വരുത്തുന്ന പരിവർത്തനത്തിന് പിന്നീട് കൊടുക്കാവുന്ന ഒരു പേരാണ്.

**പ്രൊഫ.എം.എൻ. വിജയൻ**



# പൊതുസിവിൽ കോഡിനെ മുസ്ലീങ്ങളെന്തിന് പേടിക്കണം



ഹമീദ് ചേന്ദമംഗലൂർ

ഹിജാബ് വിഷയത്തിൽ ഇടപെട്ടുകൊണ്ട് കേരളാ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഏകീകൃത സിവിൽകോഡിന്റെ അനിവാര്യതയെപ്പറ്റി നടത്തിയ പരാമർശത്തിൽ മാതൃഭൂമി ചാനലിൽ നടന്ന ചർച്ചയിൽ അവതാരന്റെ ചോദ്യത്തിന് മറുപടിയായി സാമൂഹ്യനിരീക്ഷകനും ചിന്തകനുമായ ഹമീദ് ചേന്ദമംഗലൂർ നല്കിയ മറുപടി

നമ്മളൊരു വിഷയത്തെക്കുറിച്ച് സംസാരിക്കുന്നത് സന്ദർഭം ആവശ്യപ്പെടുമ്പോഴാണ്. ഇവിടെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഇപ്പോൾ യൂണിഫോം സിവിൽകോഡിനെക്കുറിച്ച് സംസാരിച്ചത് ഹിജാബ് വിഷയം കർണാടകത്തിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ച സാഹചര്യത്തിലാണ്. അതുപോലെ അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട പല ആൾക്കാരും, കോൺഗ്രസ്സിൽപെട്ട പല ആൾക്കാരും മാത്രമല്ല, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ(മാർക്സിസ്റ്റിന്റെ) അക്കാലത്തെ ഏറ്റവും സമുന്നതനായ നേതാവായിരുന്ന ഇഎംഎസ് നമ്പൂതിരിപ്പാടും അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയിലെ ഇടതുപക്ഷ ചരിത്ര പണ്ഡിതനായ പ്രൊഫ. ഇർഫാൻ ഹബീബും ഒക്കെ 1985ൽ മുസ്ലീം വ്യക്തിനിയമം പരിഷ്കരിക്കേണ്ട കാര്യത്തെക്കുറിച്ച് സംസാരിച്ചിരുന്നു. അതുമാത്രമല്ല 1984ൽ കോഴിക്കോട്ട് നടന്ന ഡിവൈഎഫ്ഐ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ടാണ് അന്ന് പ്രൊഫ.ഇർഫാൻ ഹബീബ് ഇന്ത്യയിൽ മുസ്ലീം വ്യക്തിനിയമം പരിഷ്കരിക്കേണ്ടതുണ്ടെന്നും ഒരു യൂണിഫോം സിവിൽകോഡ് ആവിഷ്കരിക്കേണ്ടതുണ്ട് എന്നും പറഞ്ഞത്. അത് ആ സന്ദർഭം ആവശ്യപ്പെട്ടിരുന്നു.

ഇപ്പോൾ ഇദ്ദേഹം ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുന്നത് കഴിഞ്ഞ രണ്ട് മൂന്ന് വർഷങ്ങളായി മുത്തലാഖിന്റെ പ്രശ്നമുണ്ട്, ഇപ്പോൾ ഹിജാബിന്റെ പ്രശ്നമുണ്ട്, അങ്ങനെയുള്ള പല കാര്യങ്ങളുണ്ട്. ഇതിൽ ഒക്കെ അതിശക്തമായി എതിർക്കുന്ന മുസ്ലീം ഗ്രൂപ്പുകൾ രാജ്യത്ത് ശക്തമായുണ്ട്. ഞാൻ തീർച്ചയായിട്ടും നിങ്ങൾ പറഞ്ഞതിനോട് യോജിക്കുന്നു. 1980കളിലെ അവസ്ഥയല്ല 2022ൽ അഖിലേന്ത്യാതലത്തിലുള്ളത്. 2022ൽ കേന്ദ്രം ഭരിക്കുന്നത് ബിജെപിയാണ്. 1985 കാലഘട്ടത്തിൽ ബിജെപി എന്നുപറയുന്നത് അഖിലേന്ത്യാതലത്തിൽ ഇന്ത്യയിലെവിടെയും ശ്രദ്ധിക്കപ്പെടേണ്ട, അല്ലെങ്കിൽ അത്രയേറെ സ്വാധീനമുള്ള ഒരു പാർട്ടിയായിരുന്നില്ല.

താങ്കൾതന്നെ നേരത്തെ സൂചിപ്പിച്ചതുപോലെ 1984ലെ തെരഞ്ഞെടുപ്പിൽ, ഇന്ദിരാ ഗാന്ധി വധത്തിന് ശേഷം നടന്ന തെരഞ്ഞെടുപ്പിൽ കേവലം രണ്ട് സീറ്റ് മാത്രമാണ് പാർലമെന്റിൽ അവർക്ക് കിട്ടിയത്. അത്ര ശുഷ്കമായിരുന്നു ആ പാർട്ടിയുടെ സ്വാധീനം അക്കാലത്ത്. അതൊക്കെ മാറി 2014ൽ കേവലഭൂരിപക്ഷം നേടി അവർക്ക് ഭരണം നേടാൻ കഴിഞ്ഞു. 2019ൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവരുടെ ഭൂരിപക്ഷം വർധിച്ചു. പല സംസ്ഥാനങ്ങളിലും അവർക്ക് ഭരണം പിടിക്കാൻ കഴിഞ്ഞു എന്ന അവസ്ഥയുണ്ട്. അതായത് 'ഇവിടെ ഭൂരിപക്ഷ വർഗീയതയെ പ്രതിനിധാനം ചെയ്യുന്ന ബിജെപി അധികാരത്തിലിരിക്കുന്നു എന്ന മാറിയ രാഷ്ട്രീയ സാഹചര്യത്തിൽ പൊതുസിവിൽകോഡിനെക്കുറിച്ച് സംസാരിക്കുന്നത് ഉചിതമാണോ' എന്ന ചോദ്യമാണ് താങ്കൾ ഉന്നയിക്കുന്നത്.

ഞാനിപ്പോൾ പറയുന്നത്, എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത് ഇന്ത്യയിലെ മുസ്ലീങ്ങ

ളെന്ന് പറയുന്നത് ഇവിടുത്തെ ഏറ്റവും വലിയ ന്യൂനപക്ഷമാണ്. മുസ്ലീങ്ങൾക്ക് മാത്രമല്ല ഇവിടെ പ്രത്യേകമായ വ്യക്തിനിയമമുള്ളത്. ക്രൈസ്തവ ന്യൂനപക്ഷത്തിനും അതുപോലെ പാഴ്സി ന്യൂനപക്ഷത്തിനും അവരുടേതായ 'പേഴ്സണൽ ലോ' സ് ഉണ്ട്. പക്ഷേ, 1985ലെ സുപ്രീംകോടതി വിധിയിൽ ഏകീകൃത സിവിൽ നിയമം കൊണ്ടുവരേണ്ടതിന്റെ അഭിലഷണീയതയിലേക്ക് അന്ന് സുപ്രീം കോടതി വിരൽ ചൂണ്ടിയപ്പോൾ അതിനെതിരെ ശക്തമായിട്ട് രംഗത്തുവന്നത് മുസ്ലീം ന്യൂനപക്ഷ സമുദായത്തിൽപെട്ട മത രാഷ്ട്രീയ സംഘടനകളായിരുന്നു. പത്ത് വർഷം കഴിഞ്ഞ് 1995ൽ സരള മുദ്ഗൽ കേസിൽ വീണ്ടും സുപ്രീംകോടതി, എന്തുകൊണ്ട് ഇന്ത്യയിൽ ഭരണഘടനയുടെ നാല്പത്തിനാലാം വകുപ്പിൽ പറയുന്ന പൊതു സിവിൽ കോഡ് ആവിഷ്കരിക്കുവാൻ സർക്കാർ മുന്നോട്ടുവരുന്നില്ല, എന്ന ചോദ്യമുന്നയിച്ചു. അപ്പോഴും ഇവിടെ അതിനെതിരെ ശബ്ദമുയർത്തിയത് മുസ്ലീം ന്യൂനപക്ഷസമുദായത്തിൽപ്പെട്ട വർഗീയ, മത മൗലികപ്രസ്ഥാനങ്ങളായിരുന്നു.

അതേസന്ദർഭത്തിൽ ഇന്ത്യയിലെ മുസ്ലീങ്ങൾക്കിടയിലെ പുരോഗമനവാദികളായിട്ടുള്ള നിരവധി പേരുണ്ട്. കോൺഗ്രസിൽ പ്രവർത്തിക്കുന്നവരുണ്ട്, കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ പ്രവർത്തിക്കുന്നവരുണ്ട്,അതുപോലെ ജനതാ പാർട്ടിയിൽ പ്രവർത്തിക്കുന്നവരുണ്ട്, ഒക്കെയുണ്ട്. പക്ഷേ അവർ സംഘടിതരല്ല. സംഘടിതരെപ്പോഴും ഈ പറയുന്ന മുസ്ലീം മതമൗലിക പ്രസ്ഥാനങ്ങളും മുസ്രീം രാഷ്ട്രീയപ്രസ്ഥാനങ്ങളുമൊക്കെയാണ്.അതുകൊണ്ട് അസംഘടിതരായ മുസ്ലീം പുരോഗമനവാദികൾ മുസ്ലീം ഉല്പതിഷ്ണുക്കൾ.. ആരിഫ് മുഹമ്മദ്ഖാനെപ്പോലെയുള്ള... ഞാനദ്ദേഹത്തെ ഒരു മുസ്ലീം ഉല്പതിഷ്ണു എന്നാണ് വിശേഷിപ്പിക്കുക, ഒരു മുസ്ലീം പരിഷ്കരണവാദി. അദ്ദേഹത്തെപ്പോലുള്ള നിരവധി മുസ്ലീം പരിഷ്കരണവാദികൾ നമ്മുടെ സമൂഹത്തിലുണ്ടെങ്കിലും അവർ അസംഘടിതരായതുകൊണ്ട് അവരുടെ ശബ്ദം ആരു ശ്രദ്ധിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇപ്പോൾ അദ്ദേഹം പൊതുസിവിൽ കോഡിനെക്കുറിച്ച് പറയുമ്പോഴും ലീഗ് പറയുന്നു അദ്ദേഹം മുസ്ലീം വിരുദ്ധനാണ് എന്ന്.

എങ്ങനെയാണ് അദ്ദേഹം മുസ്ലീം വിരുദ്ധനാവുക? പൊതുസിവിൽകോഡ് വന്നാലെന്താണ് അപകടം എന്ന ചോദ്യം നമ്മളുയർത്താൻ സമയം വൈകിയില്ലേ? പൊതു സിവിൽകോഡെന്ന് കേൾക്കുമ്പോഴേക്ക് ഇതെന്തോ മുസ്ലീം വിരുദ്ധമാണ്, മുസ്ലീങ്ങളെ ഇല്ലാതാക്കാൻ പോകുന്ന ഒരു സാധനമാണ് എന്നാണ് അന്നുതൊട്ട്, 85 തൊട്ട് ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത് മുസ്ലീം ലീഗും സമാനചിന്താഗതിക്കാരായ പാർട്ടിക്കാരും. അവരുന്നയിക്കുന്ന വാദഗതികളൊന്ന് പരിശോധിച്ചുനോക്കുക, അക്കാലം തൊട്ട് ഇന്നേവരെ ഉന്നയിക്കുന്ന വാദങ്ങളിൽ പ്രധാനമായ വാദം പൊതുസിവിൽകോഡ് വന്നാൽ മുസ്ലീങ്ങൾക്ക് മുസ്ലീങ്ങളായിട്ട് ജീവിക്കാൻ സാധിക്കില്ല എന്നാണ്. ഇതിനേക്കാൾ അബദ്ധമായ ഒരു നിരീക്ഷണമുണ്ടോ?

പൊതുസിവിൽകോഡെന്ന് പറഞ്ഞാൽ എന്താണ്? ഇവിടെ 1860 വരെ മുസ്ലീങ്ങൾക്ക് അവരുടേതായ ക്രിമിനൽ നിയമങ്ങളുണ്ടായിരുന്നു. ബ്രിട്ടീഷുകാർ 1860ൽ ഇന്ത്യൻ പീനൽകോഡ് ആവിഷ്കരിച്ചപ്പോൾ മുസ്ലീങ്ങൾക്കും ഹിന്ദുക്കൾക്കും മറ്റെല്ലാ വിഭാഗങ്ങൾക്കും ഒരു പോലെ ബാധകമായ ക്രിമിനൽ നിയമങ്ങൾ വന്നു. അതുകൊണ്ട് ഇന്ത്യയിലെ മുസ്ലീങ്ങൾക്ക് അവർക്ക് മതപരമായി ജീവിക്കാനുള്ള സ്വാതന്ത്ര്യമോ അവകാശമോ നഷ്ടപ്പെട്ടോ? ഇവിടെ ക്രിമിനൽ നിയമം മുഴുവൻ നൂറ് ശതമാനവും പൊതുവാണ്. അതുകൊണ്ട് മിസ്ലീങ്ങൾക്ക് ഇവിടെ മതപരമായി ജീവിക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടായിട്ടില്ല.

മാത്രവുമല്ല, എത്രയോ കാലമായിട്ട്, ഇപ്പോഉല്ല എത്രയോ കാലമായിട്ട് ഇന്ത്യയിൽ നിലവിലുള്ള സിവിൽനിയമങ്ങളിൽ 98 ശതമാനവും ഇന്ത്യയിലെ മുസ്ലീങ്ങൾക്കും ഹിന്ദുക്കൾക്കും ക്രൈസ്തവർക്കും സിഖുകാർക്കും മറ്റെല്ലാ മതക്കാർക്കും ഒരുപോലെ ബാധകമാണ്. ഇന്ത്യയിലെ കരാർ നിയമം, ഇന്ത്യയിലെ തെളിവ് നിയമം, ഇന്ത്യയിലെ കമ്പനിനിയമ, ഇന്ത്യയിലെ ബാങ്കിങ് നിയനം ഇന്ത്യയിലെ രജിസ്ട്രേഷൻ നിയമം, ഇന്ത്യയിലെ സ്പെഷൽ മാര്യേജ് ആക്ട്, ഇന്ത്യയിലെ മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ട്... തുടങ്ങി നിരവധി നിരവധി നിയമങ്ങൾ ഇതൊക്കെ പൊതുവാ. അതുകൊണ്ട് ഇവിടെ മുസ്ലീങ്ങൾക്ക് മുസ്ലീങ്ങളായി ജീവിക്കാൻ പറ്റാത്ത അവസ്ഥ വന്നിട്ടുണ്ടോ.

രണ്ടാമത്തെ വാദം മുസ്ലീങ്ങളുടെ സാംസ്കാരികമായ വ്യക്തിത്വം, അസ്തിത്വം നഷ്ടപ്പെടുമെന്നാ. ഈ മുസ്ലീങ്ങൾക്ക് മാത്രം സാംസ്കാരികമായ വ്യക്തിത്വം എങ്ങനെയാ നഷ്ടപ്പെടുക? പൊതുസിവിൽകോഡ് വന്നാൽ പരമാവധി സംഭവിക്കാൻ പോകുന്നത്

ബഹുഭാര്യാത്വം നിരോധിക്കപ്പെടും. രണ്ടാമതായിട്ട് പുരുഷന് ഏകപക്ഷീയമായിട്ട് തന്റെ ഭാര്യയെ ഒഴിവാക്കാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടും. ഒഴിവാക്കുമ്പോൾ ജീവനാംശം കൊടുക്കേണ്ടിവരും. മൂന്നാമത് മുസ്ലീം പുരുഷന്മാർക്കും സ്ത്രീകൾക്കും സ്വത്തവകാശത്തിൽ തുല്യത എന്ന സംവിധാനം നിലവിൽ വരും... ഇതൊക്കെയാ സംഭവിക്കാൻ പോകുന്നത്. മുസ്ലീം പുരുഷന്മാർക്ക് നാല് ഭാര്യമാരെ വച്ചുകൊണ്ടിരിക്കാനുള്ള സ്വാതന്ത്ര്യമാണോ മുസ്ലീങ്ങളുടെ സാംസ്കാരിക വ്യക്തിത്വമെന്ന് പറയുന്നത്?

# ഓമനത്തമുള്ള കമ്മ്യൂണിസം
# ബുദ്ധിപരമായ വഞ്ചന



കരുണാകരൻ

“മൂന്ന് പതിറ്റാണ്ടിലധികമായി ഒരാശയം എന്ന നിലയ്ക്കും ഒരു ഭരണകൂടസങ്കല്പം എന്ന നിലയ്ക്കും ‘കമ്മ്യൂണിസം’ അഭിമുഖീകരിച്ച ഭൂമിശാസ്ത്രപരവും ചരിത്രപരവും സാംസ്കാരികപരവുമായ പരിണാമങ്ങളിൽ നിന്നെല്ലാം മാറി, പരിക്കുകൾ ഒന്നുമേൽക്കാതെ, ‘ഓമനത്തമുള്ള കമ്മ്യൂണിസം’ കേരളത്തിൽ വാഴുന്നു എന്ന് വിശ്വസിക്കുക ബുദ്ധിപരമായ വഞ്ചനയാണ്. ആ അർത്ഥത്തിൽ 1989ലെ ‘ടിയാനൻമെൻ കൂട്ടക്കുരുതി’യിൽ ഒരു നിമിഷം ആശയപരമായി ഉലഞ്ഞുപോയ മലയാളി മാർക്സിസ്റ്റ് സൈദ്ധാന്തികനായ പി. ഗോവിന്ദപ്പിള്ളയ്ക്ക് തങ്ങളുടെ ഉള്ളിലെങ്കിലും ഒരു സംശയത്തിന്റെ ആനുകൂല്യം നൽകാത്ത വിധം ഈ ആത്മവഞ്ചന ഇത്രയും വർഷങ്ങളിൽ മലയാളി മാർക്സിസ്റ്റുകളിൽ പാകമാവുകയും സാധൂകരിക്കുകയും ചെയ്യുന്ന വിധം സ്വീകാര്യവുമാവുകയായിരുന്നു.

മാർക്സ് ജനാധിപത്യത്തെ സംശയിച്ചിരുന്നില്ല, കൈവിട്ടതുമില്ല. മാത്രമല്ല, ഒരു വർഗ്ഗസമൂഹത്തിൽ ഒരു അധികാരരൂപം എന്ന നിലയ്ക്ക് അതിന്റെ കൂറ് എങ്ങനെയെല്ലാം മാറി മറിയുമെന്നും മാറ്റിമറിക്കാമെന്നും ആലോചിച്ച് ‘പാരീസ് കമ്മ്യൂൺ’ മുതൽ അതിന്റെ ഭരണകൂടരൂപങ്ങൾ സങ്കല്പിക്കുകയും പരീക്ഷിക്കുകയും ചെയ്തു. ലെനിനും സ്റ്റാലിനും മാവോയ്ക്കും വളരെ മുമ്പേ ‘മാർക്സ്’ മരിക്കുകയും ചെയ്തു. എന്നാൽ ബൂർഷ്വാജനാധിപത്യത്തിലും പാർലമെന്ററി ജനാധിപത്യത്തിലും ‘പാകമാവാതെ കിടക്കുന്ന’ കമ്മ്യൂണിസ്റ്റ് പാർട്ടിയെ തലമുറകളായി കൈമാറിക്കിട്ടിയ മലയാളി മാർക്സിസ്റ്റിന് മാർക്സിസത്തിന് ഒന്നും തന്നെ സംഭാവന ചെയ്യാൻ ഉണ്ടായിരുന്നില്ല, എന്ന് ആലോചിക്കുമ്പോൾ അത്ഭുതം തോന്നും. നമ്പൂതിരിപ്പാട് മുതൽ അവസാനത്തെ മാർക്സിസ്റ്റ് പ്രഭാഷകൻ വരെ നീളുന്ന മലയാളിയുടെ മാർക്സിസ്റ്റ് ബൗദ്ധിക പാരമ്പര്യത്തിലെ ഉദാരമായ ക്ഷീണം ഒരേസമയം ഭരണകൂടദാസ്യമായും ബൗദ്ധികശോഷണമായും തിരിച്ചറിയുമ്പോൾ ഒന്നുകൂടി അത്ഭുതം തോന്നും. പക്ഷേ, ഇത് നമ്മെ ഭയപ്പെടുത്തണം. എന്തെന്നാൽ ഭരണനിർവഹണം എന്ന നിലയ്ക്ക് പാർലമെന്ററി ജനാധിപത്യം പരീക്ഷിക്കുകയും നിലനിൽക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ രാഷ്ട്രീയജീവിതത്തെ ധീരമായി നേരിടാൻ അപ്രാപ്തമാക്കുന്ന ഒരു ഘടകമായി മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സങ്കല്പത്തിലെ ഏകപാർട്ടി സ്വേച്ഛാധിപത്യം ആശയപരമായിത്തന്നെ എന്നുമുണ്ടാവുന്നു.”

**മനോരമ ഓൺലൈൻ**
**മാർച്ച് 04, 2022**